# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *26

09/03/2015ലെ
മറുപടിക്ക്

**പി. എസ്. സി. നിയമനം**

| **ചോദ്യം :** | **ഉത്തരം :** |
|---|---|
| **ഡോ. കെ. ടി. ജലീൽ**<br>**ശ്രീ. ടി.വി. രാജേഷ്**<br>**ശ്രീമതി. കെ.കെ. ലതിക**<br>**ശ്രീ.ആർ. രാജേഷ്** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) പി. എസ്. സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടും വകുപ്പ് മേധാവികൾ ഒഴിവുകൾ റിപ്പോർട്ടു ചെയ്യാതിരിക്കുന്നതുകൊണ്ട് നിയമനത്തിനായി കാത്തിരിക്കുന്നവരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പി. എസ്. സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനു മുമ്പുതന്നെ ഒഴിവുകൾ കണാക്കാക്കുന്നതിനും ഓരോ വർഷവും ഉണ്ടാവാൻ ഇടയുള്ള ഒഴിവുകൾ തിട്ടപ്പെടുത്തുന്നതിനും സാധിക്കുമോയെന്നു വ്യക്തമാക്കുമോ;<br><br>(സി) എങ്കിൽ എന്തുകൊണ്ട് അപ്രകാരമുള്ള ഒഴിവുകൾ യഥാസമയം പി. എസ്. സി. യെ അറിയിക്കുന്നില്ല; നോട്ടിഫിക്കേഷനിൽ | (ബിയും) (സി യും)<br>റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനു മുമ്പുതന്നെ ഒഴിവുകൾ കണക്കാക്കുന്നത് പ്രായോഗികമല്ല. എങ്കിലും തൊട്ടടുത്ത കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകാറുണ്ട്. |

| | |
|---|---|
| പറഞ്ഞ ഒഴിവുകൾ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞിട്ടും റിപ്പോർട്ടു ചെയ്യാതിരുന്ന വകുപ്പ് തലവന്മാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; | |
| (ഡി) പുറംവാതിൽ നിയമനങ്ങൾ നിർബാധം നടക്കുന്നതു കൊണ്ടാണ് ഒഴിവുകൾ റിപ്പോർട്ടു ചെയ്യാത്തത് എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ഡി) പ്രസ്തുത ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) കാലാവധി ദീർഘിപ്പിച്ച കാലയളവിലും ഒരു നിയമനം പോലും നടക്കാതെ റാങ്ക് ലിസ്റ്റ് ലാപ്സായിപ്പോയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ഇയും) (എഫും) കാലാവധി ദീർഘിപ്പിച്ച കാലയളവിലും ഒരു നിയമന ശിപാർശ പോലും നടത്താതെ റാങ്ക് ലിസ്റ്റ് റദ്ദായി പോയത് സംബന്ധിച്ചിട്ടുള്ള വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് മാത്രമേ നിയമനം നൽകാൻ സാധിക്കുകയുള്ളു. |
| (എഫ്) ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമോ? | |

**സെക്ഷൻ ഓഫീസർ**